(ബി) ചേർത്തല ആശുപത്രിയിൽ നിന്നും റിപ്പോർട്ടും പ്രൊപ്പോസലും ലഭിച്ചെങ്കിൽ പ്രസ്തുത ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണ് ; ചേർത്തല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചേർത്തല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ 23-7-2014-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാരിൽ ലഭിച്ചിട്ടില്ല. സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. 5-2-2013-ലെ ജി.ഒ. (ആർ.ടി.)നമ്പർ 114/13/ടി.ഡി. എന്ന ഉത്തരവ് പ്രകാരം കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 27 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിരുന്നു. ആയതിൽ ചേർത്തല താലൂക്ക് ആശുപത്രിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ക്യാൻസർ രോഗബാധിതരുടെ എണ്ണം

53 (4336) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കാൻസർ രോഗബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാൻസർ രോഗം വ്യാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) പ്രസ്തുത ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് കാൻസർ ബാധിതരുടെ എണ്ണം കൂടുതൽ ഉള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) കാൻസർ രോഗബാധിതരുടെ ചികിത്സക്കായി നിലവിൽ ജില്ലയിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഠനം നടത്തിയിട്ടില്ല.

(സി) മണ്ണാർക്കാട് പഞ്ചായത്തിൽനിന്നുമാണ് കൂടുതൽ രോഗികൾ എത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആർ.സി.സി.-യുടെ ഒരു ഏർളി ക്യാൻസർ ഡിറ്റക്ഷൻ സെന്റർ മുൻകൂർ രോഗനിർണ്ണയത്തിനും തുടർചികിത്സാ സൗകര്യത്തിനുമായി പാലക്കാട് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലാ ക്യാൻസർ കെയർ പദ്ധതി പാലക്കാട് ജില്ലാ ആശുപത്രിയിൽ ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് ഫണ്ട് അനുവദിക്കുകയും കീമോതെറാപ്പി പരിശീലനം ലഭിച്ച ഡോക്ടർമാരെയും നഴ്സുമാരെയും വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. നിരവധി രോഗികൾക്ക് കീമോതെറാപ്പി നൽകുകയും പുതിയ രോഗികളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

ധന്വന്തരി സെന്ററുകൾ

54 (T *4337) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ധന്വന്തരി സെന്ററുകൾ നിലവിൽ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്; ഓരോ ജില്ലയിലും എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ധന്വന്തരി സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുവാൻ ധന്വന്തരി സെന്ററുകളെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിനും കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മാതൃകയിൽ ഒരു സ്ഥാപനമായി മാറ്റാനും ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ- സി) ശേഖരിച്ച് നൽകുന്നതാണ്.

വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ആശുപത്രികൾ

55 (4338) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കിടത്തി ചികിത്സയുള്ള എത്ര സർക്കാർ ആശുപത്രികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള എത്ര ആശുപത്രികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly